LIBRARY ARCHIVES Kerala Legislative Assembly

ബോർഡ് മീറ്റിംഗിലെങ്കിലും വയ്ക്കാനുള്ള നടപടിയുണ്ടാകണമെന്നതാണ് എന്റെ ഒന്നാമത്തെ ആവശ്യം. രണ്ടാമത്തേത്, കെ.ആർ.എഫ്.ബി.-യുടെ കോട്ടയം-പത്തനംതിട്ടയ്ക്കുവേണ്ടിയുള്ള പുതിയ ഡിവിഷന്റെ കീഴിലാണ് ഇടയിരിക്കപ്പുഴ റോഡുമായി ബന്ധപ്പെട്ട വർക്കുകൾ ഇപ്പോൾ നിൽക്കുന്നത്. ഇതിന്റെ പ്രവർത്തനങ്ങളും കാര്യമായി മുന്നോട്ടുപോകുന്നില്ല. അങ്ങ് ഇടപെട്ട് ഈ രണ്ട് വർക്കുകളും അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കിഫ്ബി പദ്ധതിയിലുൾപ്പെട്ട റോഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നമാണ് ഇവിടെ ഉന്നയിച്ചത്. കാഞ്ഞിരപ്പള്ളി-മണിമല-കുളത്തൂർമൂഴി-കർഷക സൗഹൃദ ലിങ്ക് റോഡ് പ്രവൃത്തിയുടെ വിശദമായ റിപ്പോർട്ടിന്റെ ശുപരേഖ 78.39 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തികാനുമതി നൽകുന്നതിനുള്ള പരിശോധനയുടെ ഭാഗമായി സാങ്കേതിക അവലോകന റിപ്പോർട്ട് കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്. സാങ്കേതിക അവലോകന റിപ്പോർട്ടിന്മേലുള്ള മറുപടി കിഫ്ബിക്ക് നൽകി സാമ്പത്തികാനുമതി നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചുവരുന്നു. പാത്തനാട്-ഇടയിരിക്കപ്പുഴ റോഡ് നിർമ്മാണ പ്രവൃത്തിക്ക് 29.20 കോടി രൂപയ്ക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിച്ചു. കിഫ്ബി മാനദണ്ഡപ്രകാരം 10 മീറ്റർ വീതി RoW-യിലാണ് റോഡ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി 254.17 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് 96.40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടി പുരോഗമിച്ചുവരുന്നു.

(19) തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡ് പുനരുദ്ധാരണം

ശ്രീ. മാത്യു ടി. തോമസ്: സർ, രണ്ട് താലൂക്ക് ആസ്ഥാനങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതും ഏറെ ഗതാഗതത്തിരക്കുള്ളതുമായ തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡ് പുനരുദ്ധരിക്കുന്നത് സംബന്ധിച്ച് 2016-ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും കിഫ്ബിയെ ചുമതലപ്പെടുത്തുകയും ചെയ്തതാണ്. എസ്.പി.വി.-യായ RICK (Road Infrastructure Company Kerala Ltd.) 83 കോടി രൂപയുടെ പദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ആദ്യം തയ്യാറാക്കിയ ഡിസൈൻ റോഡ് എന്നത് മാറ്റി കെട്ടിടങ്ങൾ പൊളിച്ചുകളയേണ്ടാത്ത വിധത്തിൽ റീഡിസൈൻ ചെയ്ത് 83 കോടി രൂപയുടെ ഭരണാനുമതിയും നൽകി. 12 മീറ്റർ വീതിയിൽ പുനരുദ്ധാരണത്തിനുവേണ്ട സ്ഥലം മാർക്ക് ചെയ്ത് കല്ലുകളും സ്ഥാപിച്ചുകഴിഞ്ഞു. ആ സ്ഥലത്തെ മരങ്ങളൊക്കെ വസ്തു ഉടമസ്ഥർ വെട്ടിമാറ്റി കാത്തുനിൽക്കുകയാണ്. 12 മീറ്റർ വീതി പത്ത് മീറ്ററായി കുറയ്ക്കണമെന്ന സമ്മർദ്ദം ചില കേന്ദ്രങ്ങളിൽനിന്ന് അനാവശ്യ

LIBRARY ARCHIVES Kerala Legislative Assembly

താല്പര്യങ്ങളുടെ പേരിലുണ്ടായി. ഇപ്പോൾ RICK ആ പദ്ധതിയിൽനിന്ന് പിൻമാറാൻ ആലോചിക്കുന്നതായി അറിയാൻ കഴിഞ്ഞു. ഒരു കാരണവശാലും റോഡിന്റെ വീതി കുറയ്ക്കാൻ പാടില്ല. RICK അത് ചെയ്യുന്നില്ലെങ്കിൽ കെ.ആർ.എഫ്.ബി-യേയോ പുതിയ എസ്.പി.വി.-യേയോ ഏൽപ്പിച്ച് പണി എത്രയുംവേഗം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. ഇക്കാര്യത്തിൽ RICK-ന്റെയും പി.ഡബ്ല്യു.ഡി.-യുടെയും കിഫ്ബിയുടെയും സ്ഥലം ഏറ്റെടുക്കേണ്ട റവന്യൂ അധികാരികളുടെയും യോഗം അടിയന്തരമായി വിളിക്കണം. ഏകദേശം മൂന്നര കിലോമീറ്ററോളം നീളത്തിൽ കാഞ്ഞിരപ്പള്ളിയിലൂടെ റോഡ് പണിതാൽ നെടുങ്കുന്നത്തെത്തി കോട്ടയത്തേയ്ക്ക് പോകാനുള്ള എളുപ്പവഴിയാകും. അതുകൂടി പരിഗണിക്കുകയും അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെടുകയും ചെയ്യണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. 81.57 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചു. ഭൂമി ഏറ്റെടുക്കുന്നതിന് 10.70 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത റോഡ് വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്കുവേണ്ടി അതിർത്തി കല്ലുകൾ സ്ഥാപിച്ച് ഫൈനൽ അലൈൻമെന്റ് സ്കെച്ച് 14-2-2020-ന് റവന്യൂ വകുപ്പിൽ സമർപ്പിച്ചിട്ടുള്ളതാണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 50 ലക്ഷം രൂപ 4-8-2020-ന് സ്പെഷ്യൽ തഹസീൽദാർ, പത്തനംതിട്ടയ്ക്ക് നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിനായി 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനും സോഷ്യൽ ഇംപാക്ട് അസസ്മെന്റിനുമുള്ള നടപടികൾ റവന്യൂ വകുപ്പിൽനിന്നും ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ എസ്.പി.വി.-യായ RICK പ്രസ്തുത പ്രവൃത്തിയിൽനിന്നും പിൻമാറാൻ തീരുമാനിച്ചിട്ടില്ല. റവന്യൂ വകുപ്പിൽനിന്നും റോഡ് വികസനത്തിനുള്ള സ്ഥലം ഏറ്റെടുത്ത് നൽകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾക്കുള്ള തുടർനടപടികൾ RICK Limited സ്വീകരിക്കുന്നതാണ്.

(20) പെരിയാറിന് കുറുകെ സമാന്തരപാലം

ശ്രീ. റോജി എം. ജോൺ: സർ, എം.സി. റോഡിൽ പെരിയാറിന് കുറുകെ കാലടി സമാന്തരപാലവും ബൈപ്പാസ് റോഡും അടിയന്തരമായി നിർമ്മിക്കേണ്ടതിന്റെ ആവശ്യകത അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇത് കാലടി പ്രദേശത്തെ ജനങ്ങളുടെ വർഷങ്ങളായുള്ള ഒരാവശ്യമാണ്. ഇതൊരു പ്രാദേശിക വിഷയം മാത്രമല്ല, എം.സി. റോഡിലൂടെ യാത്ര ചെയ്യുന്ന ആയിരക്കണക്കിന് ജനങ്ങളെ ബാധിക്കുന്ന പ്രശ്നമാണ്. അവർ മണിക്കൂറുകളോളം ഗതാഗതക്കുരുക്കിൽപ്പെട്ട്